(ഡി) നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനുശേഷം നൽകിയ അനുമതി അകാരണമായി പിൻവലിക്കാറില്ല. മാനന്തവാടി ഗ്രാമ പഞ്ചായത്തിന് ചൂട്ടക്കടവ് എന്ന സ്ഥലത്ത് ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ 12-7-2002-ൽ ബോർഡ് ആതറൈസേഷൻ നൽകിയിരുന്നു. എന്നാൽ ശ്രീമതി കെ. മറിയം, പൊന്നമ്പത്തു ഹൗസ്, ചൂട്ടക്കടവിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ നൽകിയ പരാതിയിൽ കബനി നദി പ്രസ്തുത സ്ഥലത്തിനോട് ചേർന്ന് ഒഴുകുന്നതായും വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷൻ 200 മീറ്റർ അടുത്തുണ്ടെന്നും മഴക്കാലത്ത് ഈ സ്ഥലത്ത് വെള്ളം കെട്ടുമെന്നും അടുത്ത് ആൾ താമസം ഉണ്ടെന്നും പറഞ്ഞിരുന്നു. കൂടാതെ ശ്രീമതി മറിയം ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 26747/2004-ൽ 13-9-2004-ൽ കോടതി ബോർഡിനോട് പരാതി പരിശോധിച്ച് നിയമാനുസരണമായുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ ഉത്തരവായി. ചൂട്ടക്കടവ് പ്ലാന്റിനെതിരെ മറ്റു പല പരാതികളും ബോർഡിന് ലഭിച്ചു. ഇതിനിടയിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ചപ്പ് ചവറുകൾ നിക്ഷേപിക്കാനുള്ള സ്ഥലം തെരഞ്ഞെടുക്കുന്നതിനുള്ള "ഗൈഡ് ലൈൻസ് ഫോർ ദി സെലക്ഷൻ ഓഫ് സൈറ്റ് ഫോർ ലാന്റ് ഫില്ലിംഗ്" തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇതെല്ലാം കണക്കിലെടുത്ത് ഹൈക്കോടതി വിധി അനുസരിച്ച് ചൂട്ടക്കടവിലെ സ്ഥലത്തിന്റെ പര്യാപ്തത ഒന്നുകൂടി വിലയിരുത്താൻ വേണ്ടിയാണ് മാലിന്യ നിർമ്മാർജ്ജന പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ നിർത്തിവയ്ക്കാൻ പഞ്ചായത്തിനോട് ബോർഡ് ആവശ്യപ്പെട്ടത്. വിശദമായ പരിശോധനയ്ക്കുശേഷം ചൂട്ടക്കടവിലെ നിർദ്ദിഷ്ട സ്ഥലത്തെക്കാൾ അനുയോജ്യം മറ്റൊരു സ്ഥലമാണെന്ന് ബോർഡ് കാണുകയും 20-6-2005-ലെ ഉത്തരവ് പ്രകാരം അക്കാര്യം പഞ്ചായത്തിനെ അറിയിക്കുകയും ചെയ്തു.

സുനാമി ദുരന്ത-പുനരധിവാസ പ്രവർത്തനങ്ങൾ

171 [172] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുനാമി ദുരന്തബാധിതർക്കുള്ള പുനരധിവാസ പ്രവർത്തനങ്ങളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) സുനാമിദുരിതാശ്വാസ പ്രവർത്തനത്തിന് സർക്കാരിന് ആകെ ലഭിച്ച തുക എത്രയാണ്;

(സി) ഈ തുക ഏതെല്ലാം മേഖലകളിൽ നിന്നാണ് ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കേന്ദ്ര സർക്കാർ, സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവയിൽ നിന്നും ലഭിച്ച സാമ്പത്തിക സഹായങ്ങൾ ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പുനരധിവാസത്തിന്റെ ഭാഗമായി ഭവന നിർമ്മാണത്തിന് മുന്നോട്ടുവന്ന ഏജൻസികൾ ഏതൊക്കെയാണ്;

(എഫ്) ഓരോന്നിന്റെയും പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സുനാമി ദുരിതബാധിതരെ പുനരധിവസിപ്പിക്കുവാൻ മത-സന്നദ്ധ-രാഷ്ട്രീയ ഏജൻസികളുടെ സഹായത്തോടെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 4043 വീടുകൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുവരെ കൊല്ലം ആലപ്പുഴ എറണാകുളം ജില്ലകളിൽ 159 വീടുകൾ നിർമ്മിച്ച് കഴിഞ്ഞു. 2005 ഡിസംബറിന് മുമ്പ് വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ പുനസ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്ന് വരുന്നു.

(ബി)—(ഡി) സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഇതുവരെ കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാന പ്രകൃതിക്ഷോഭദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച തുക 100 കോടി രൂപയാണ്. 26-12-2004-ലെ സുനാമി ദുരന്തത്തിനുശേഷം 28-6-2005 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 39,68,63,684 രൂപ ലഭിച്ചിട്ടുണ്ട്. സംഘടനകളിൽ നിന്ന് ലഭിച്ച തുക 13,91,15,833 രൂപയും രാഷ്ട്രീയ പാർട്ടികളിൽനിന്ന് ലഭിച്ച തുക 45,00,000 രൂപയുമാണ്.

(ഇ) ഭവന നിർമ്മാണത്തിനായി മുന്നോട്ടുവന്ന ഏജൻസികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(എഫ്) പ്രവർത്തനപുരോഗതി വിലയിരുത്തിവരുന്നു.

സുനാമി ദുരിതാശ്വാസ ഫണ്ടിലേക്ക് സംഭരിച്ച തുക

172 [173] *ശ്രീ സി. കെ. നാണു:*
„ *എ. സി. ഷണ്മുഖദാസ്:*
„ *കെ. പി. മോഹനൻ:*
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസ ഫണ്ടിലേക്ക് എത്ര രൂപ സംഭരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര ഗവൺമെന്റിൽ നിന്ന് എത്ര തുക ലഭിച്ചെന്ന് വ്യക്തമാക്കാമോ;

(സി) സന്നദ്ധസംഘടനകളും സ്ഥാപനങ്ങളും നൽകിയ സഹായങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഏതൊക്കെ ഇനങ്ങളിലായി എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly